## പുത്തൻകാവിൽ (തുടർച്ച)

(5–ാം പേജിൽനിന്നും തുടർച്ച)

ബന്ധിക്കുന്നു. വിശേഷിച്ചും വൈദികന്മാർക്കും സൺഡേസ്കൂൾ അദ്ധ്യാപകന്മാർക്കും ഇങ്ങനെയുള്ള അവസരങ്ങളിൽ പള്ളിയിൽനിന്നും ന.്കിവരാറുള്ള ധനസഹായം ചെയ്തുകൊടുക്കയും വേണം. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാവർദ്ധിച്ചിരിക്കുമാറാകട്ടെ'. [ബഥനിമാസിക. വാല്യം 7. 107 മീനം ലക്കം. 3. P. 14]

വിദ്യാസമ്പന്നരും, വിജ്ഞാന കുതുകികളുമായ അദ്ധ്യാപകരെ പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിമാരായി തിരുമേനി നിയമിച്ചു. ററി. ഒ. കോശി, കെ. സി. വറുഗീസ്, ഫാ. കെ. ഡേവിഡ് എന്നിവർ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചുവന്നു. തിരുമേനിയുടെയും സഹപ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനം മൂലം, സൺഡേസ്കൂളുകളുടെ വളർച്ച ത്വരിതഗതിയിലായി. സൺഡേസ്കൂളിൽ പോകുക, ഒരഭിമാനവും പദവിയുമായി കുട്ടികൾ കണക്കാക്കി. അവിടെ പഠിപ്പിക്കുവാൻ അവസരം കിട്ടുക, ദൈവ നിയോഗമാണെന്നു അദ്ധ്യാപകർ വിശ്വസിച്ചു. ഏകീകൃതമായ ഒരു പാഠ്യപദ്ധതി മലങ്കര സഭയിൽ ആവിഷ്ക്കരിച്ചപ്പോൾ, പ്രസ്ഥാനത്തിന്റെ ഭാവി ഭദ്രമായി

സൺഡേസ്കൂൾ അദ്ധ്യാപകർക്കും ബന്ധപ്പെട്ടവർക്കും ജനറൽ സെക്രട്ടറി വഴി ഉപദേശങ്ങളും നിർദ്ദേശങ്ങളും നല്കുവാൻ കിട്ടുന്ന അവസരങ്ങൾ തിരുമേനി പാഴാക്കിയിരുന്നില്ല. ഒരറിയിപ്പിന്റെ മാതൃക 'ഇതാ' കഴിഞ്ഞ മേട മാസത്തിൽ തിരുവല്ലാ എം. ജി. എം. ഹൈസ്കൂളിൽ വച്ചു കൂടിയ അദ്ധ്യാപക മഹായോഗത്തിന്റെ അഭിപ്രായമനുസരിച്ചും തിരുമനസ്സിലെ അനുമതിപ്രകാരവും സൺഡേസ്കൂൾ വർഷം ഇക്കൊല്ലം മുതൽ, ഇടവം മുതൽ ഇടവം വരെ ആയിരിക്കുന്നതാണ്. വർഷാവസാന പരീക്ഷയുടെ തീയതി പിന്നാലെ അറിയിക്കുന്നതാണ്. തന്നാണ്ടത്തെ സ്കൂൾ റിപ്പോർട്ട്, ഓരോ സൺഡേസ്കൂളും ജനറൽ സെക്രട്ടറിക്കു അയച്ചുകൊടുക്കുകയും, അതിന്റെ മറെറാരുപ്രതി, ഡയോസിഷ്യൻ സെക്രട്ടറിക്കു അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാകുന്നു. റിപ്പോർട്ടിന്റെ അച്ചടിച്ച ഫോറം ആവശ്യപ്പെടുന്നവർക്കു അയച്ചുകൊടുക്കാവുന്നതാകുന്നു. ഇൻസ്പെക്ടറന്മാർ ഃ വരവരുടെ സെൻററിലുള്ള സ്കൂളുകൾ പരിശോധിക്കുകയും, സ്കൂളുകൾ ഇല്ലാത്ത ഇടങ്ങളിൽ പുതുതായി സ്ഥാപിക്കുയും, വേലയുടെ റിപ്പോർട്ട് മാസികയിൽ ഇടുന്നതിനു വേണ്ടി ഒരു പ്രതി ജനറൽ സെക്രട്ടറിക്കും, ദയവായി അയച്ചുതരികയും വേണ്ടതാകുന്നു. കൂടാതെ ഓരോ സെൻററിലുമുള്ള അദ്ധ്യാപകന്മാരെ ഉദ്ദേശിച്ച് അദ്ധ്യാപകയോഗം മാസം തോറുമോ കുറഞ്ഞപക്ഷം ടേമിൽ ഒരിക്കലെങ്കിലുമോ നടത്താൻ ഉൽസാഹിക്കുന്നതു വളരെ പ്രയോജനകരവും ഉന്മേഷജനകവുമായിരിക്കുന്നതാണ്'' (ബഥനി മാസിക. 1932. വാല്യം 7. ലക്കം. 7. p 23)


സൺഡേസ്കൂൾ പ്രസ്ഥാനത്തിനു ഭദ്രവും പവിത്രവുമായ ഒരടിത്തറ ക്രമപ്പെടുത്തിയെടുക്കാൻ തിരുമേനിയുടെ ആസൂത്രിതവും സംഘടിതവുമായ പ്രവർത്തനങ്ങൾ മൂലം കഴിഞ്ഞു; അതു വഴി സഭയുടെ അടിസ്ഥാന വിശ്വാസ പ്രമാണങ്ങളും ദർശനങ്ങളും ഉൾക്കൊണ്ടു വളർന്ന ഒരു രണ്ടാം നിര ഇവിടെ ഉടലെടുക്കുകയും ചെയ്തു. പ്രസ്ഥാനവുമായി സഹകരിച്ച് അനവധിയാളുകൾ പില്ക്കാലത്ത് സഭയുടെ നേതൃത്വനിരയിലേക്ക് ഉയർന്നു വന്നു. തിരുമേനിയുടെ ആഗ്രഹവും അതായിരുന്നു. 'ചൊവ്വുള്ളതും കുററമില്ലാത്തതുമായ ഏക വിശ്വാസത്തെ പാലിച്ച്, സഭയ്ക്കു വേണ്ടി നിസ്വാർത്ഥ സേവന മനുഷ്ഠിക്കുവാൻ കഴിവുള്ള 'ചൊവ്വുള്ളവരും കുററമില്ലാത്ത'വരുമായ വ്യക്തികളെ കണ്ടെത്തുകയായിരുല്ലോ, അദ്ദേഹത്തിന്റെ ജീവിതയാത്രയുടെ ലക്ഷ്യങ്ങളിലൊന്ന്. അതിനൊരു മാദ്ധ്യമമായി എപ്പോഴും സൺഡേസ്കൂൾ പ്രസ്ഥാനത്തെ കണ്ടിരുന്നു.

## കുന്നംകുളം എം. ജി. എം. കൺവൻഷൻ

കുന്നംകുളം: കുന്നംകുളം മഹാ ഇടവകയുടെ 1889-ലെ കൺവൻഷൻ ജനുവരി 25 മുതൽ 29 വരെ തീയതികളിൽ പഴയപള്ളി എം. ജി. എം. നഗറിൽ നടത്തി.


കൺവൻഷനിൽ പൗലൂസ് മാർ മിലിത്തിയോസ് എപ്പിസ്കോപ്പാ, സിറിൾ റമ്പാൻ, ഫാ. ജോൺ ശങ്കരത്തിൽ, പ്രൊഫ. സിനിരാജ് മുഹമ്മദ് എന്നിവർ പ്രസംഗിച്ചു.

## അമൃത ബിന്ദുക്കൾ



**നൂററിപ്പതിനാറ്**
വിനാശത്തിന്റെ മുന്നോടി
വിളയാട്ടമഹമ്മതി
**നൂററിപ്പതിനേഴ്**
വിജയം മുടി ചാർത്തിപ്പൂ
വിനയത്തിന്റെ മൗലിയിൽ
**നൂററിപ്പതിനെട്ട്**
അധരത്താലമൃതത്തെ
ഹൃദയത്തിൽ പകർന്നിടാം. (തുടരും)

ശ്രീപാദം ഈശ്വരൻ നമ്പൂതിരി




നിയുക്ത കാതോലിക്കായ്ക്കു്

ജന്മദിനാശംസകൾ

പ്രിൻസിപ്പൽ, അദ്ധ്യാപകർ,
വിദ്യാർത്ഥികൾ
സെൻറ് ഗ്രിഗോറിയോസ് കോളേജ്
കൊട്ടാരക്കര

ഭവനരഹിതർക്കുള്ള ഭവനനിർമ്മാണ പദ്ധതിയിലേക്ക്
ഉദാരമായി സംഭാവന ചെയ്യുക

Edited & Published by Shebaly, Printed by Rev. C K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manger Fr. Raju Varghese, Asst. Manager A. J. George, Circulation Asst K. P. Jacob (Hon Cheif) Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office, Address: Malankara Orthodox Herald Devalokam Kottayam-686 038